## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ T-5366 01-07-2014-ൽ മറുപടിക്ക്

### ബൗദ്ധിക സ്വത്തവകാശനയം

ശ്രീ. പി.കെ.ബഷീർ
ശ്രീ. എൻ.എ.നെല്ലിക്കുന്ന്
ശ്രീ. പി. ഉബൈദുള്ള
ശ്രീ. എം.ഉമ്മർ

ശ്രീ.കെ.എം.മാണി
(ബഹു:ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)

ചോദ്യം | ഉത്തരം

| | | |
|---|---|---|
| (എ) | സംസ്ഥാനം ഒരു ബൗദ്ധിക സ്വത്തവകാശ നയം രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദവിവരം നല്കുമോ; | സംസ്ഥാനം ഒരു ബൗദ്ധിക സ്വത്തവകാശ നയം രൂപീകരിച്ചിട്ടുണ്ട്. അതിന്റെ വിശദവിവരം 03.06.2008-ലെ ജി.ഒ.(പി) 4/2008/നിയമം എന്ന നമ്പരിലുള്ള ഉത്തരവിനോടൊപ്പം പുറപ്പെടുവിച്ചിട്ടുണ്ട്. പകർപ്പ് ഇതോടൊപ്പം വയ്ക്കുന്നു. |
| (ബി) | ബൗദ്ധിക സ്വത്തവകാശ സംരക്ഷണത്തിന് ഏതെല്ലാം നിയമങ്ങളാണ് സംസ്ഥാനത്ത് നിലവിലുള്ളതെന്നും ഇതു പ്രകാരം ഏതെല്ലാം ഏജൻസികളാണ് നടപടി സ്വീകരിക്കുന്നതെന്നും വ്യക്തമാക്കുമോ; | ബൗദ്ധിക സ്വത്തവകാശ സംരക്ഷണവുമായി ബന്ധപ്പെട്ട് സംസ്ഥാന നിയമസഭ ഇതു വരെ നിയമനിർമ്മാണം നടത്തിയിട്ടില്ല. |
| (സി) | ഇക്കാര്യത്തിൽ സംസ്ഥാനത്തിന്റേതായ നിയമനിർമ്മാണം ഉദ്ദേശിക്കുന്നുണ്ടോ; വിശദവിവരം നല്കുമോ? | ബൗദ്ധിക സ്വത്തവകാശ സംരക്ഷണത്തിനായി കേന്ദ്ര നിയമങ്ങളാണ് പ്രാബല്യത്തിലുള്ളത്. എന്നാൽ അവയ്ക്ക് വിഘാതമല്ലാത്ത രീതിയിൽ കേരളത്തിലെ പാരമ്പര്യ വിജ്ഞാനം/പാരമ്പര്യ കലാരൂപങ്ങൾ സംരക്ഷിക്കുന്നതിനായി നിയമ നിർമ്മാണം നടത്തുന്നതിനുള്ള ചില പ്രാരംഭ നടപടികൾ നടന്നു വരികയാണ്. 2008-ലെ കേരളത്തിന്റെ ബൗദ്ധിക സ്വത്തവകാശ നയത്തിൽ വിഭാവനം ചെയ്ത പ്രകാരം മുഖ്യമന്ത്രി |

| | | |
|---|---|---|
| | | ചെയർമാനായും നിയമ വകുപ്പ് മന്ത്രി വൈസ് ചെയർമാനായും വിവിധ വകുപ്പുകളിലെ മന്ത്രിമാർ, സെക്രട്ടറിമാർ എന്നിവർ അംഗങ്ങളായും രൂപീകരിച്ച സൂപ്പർവൈസറി കൗൺസിൽ ഓൺ ഇന്റലക്ചൽ പ്രോപ്പർട്ടിയുടെ 31.08.2011-ൽ നടന്ന രണ്ടാമത് യോഗത്തിന്റെ തീരുമാനപ്രകാരം കേന്ദ്ര നിയമങ്ങളുടെ പരിധിയിൽ ഇതുവരെ ഉൾപ്പെട്ടിട്ടില്ലാത്ത കേരളത്തിലെ പാരമ്പര്യ വിജ്ഞാന മേഖലകൾ കണ്ടെത്തുന്നതിനായി ഒരു വിദഗ്ധ സമിതിയെ നിയോഗിക്കുകയുണ്ടായി. പ്രസ്തുത സമിതിയുടെ റിപ്പോർട്ട്, സൂപ്പർവൈസറി കൗൺസിൽ ഓൺ ഇന്റലക്ചൽ പ്രോപ്പർട്ടിയുടെ 12.05.2014-ൽ കൂടിയ മൂന്നാമത് യോഗം വിലയിരുത്തി ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ പാരമ്പര്യ വിജ്ഞാനം/പാരമ്പര്യ കലാരൂപങ്ങൾ എന്നിവയുടെ സംരക്ഷണം/കാര്യ നിർവ്വഹണം എന്നിവയ്ക്കായി ഒരു ബിൽ തയ്യാറാക്കുന്നതിനും 2008-ലെ കേരള ബൗദ്ധിക സ്വത്തവകാശനയം ഉചിതമായി പരിഷ്കരിക്കുന്നതിനുമായി ഒരു കമ്മിറ്റി രൂപീകരിക്കുന്നതിന് തീരുമാനിക്കുകയുണ്ടായി. |

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്